13-ാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2222

18.06.2013-ൽ മറുപടിയ്ക്ക്

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് പ്രത്യേക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. ഷാജി<br>,, സി. മോയിൻകുട്ടി<br>,, എം. ഉമ്മർ<br>,, കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് പ്രത്യേക പാക്കേജ് വല്ലതും പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് ഒരു പ്രത്യേക കർമ്മ പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ സാങ്കേതികമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വൈവിദ്ധ്യവൽക്കരണം, യന്ത്രങ്ങളുടെ ആധുനികവൽക്കരണം, പ്രവർത്തന മൂലധനത്തിനാവശ്യമായ മാർജിൻ മണി എന്നിവയ്ക്കുള്ള ഗവൺമെന്റ് ബഡ്ജറ്റിന്റെ പുനഃക്രമീകരണം. ആവശ്യമായ പ്രവർത്തന മൂലധനം ബാങ്കിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള ഗവൺമെന്റ് ഗ്യാരന്റി നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ലാഭത്തിലാകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകാമെന്ന തീരുമാനത്തിൽ ജീവനക്കാരുടെയും മാനേജ്മെന്റുകളുടെയും പ്രതികരണമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ | (ബി) നഷ്ടത്തിൽ നിന്നും ലാഭത്തിലാകുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭത്തിന്റെ ഒരു വിഹിതം ഇൻസെന്റീവായി ജീവനക്കാർക്ക് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | സർവ്വീസ് സെക്ടറിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പരിമിതികൾ കണക്കിലെടുത്ത് പ്രത്യേക സഹായങ്ങളെന്തെങ്കിലും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | വ്യവസായ വകുപ്പിൻ കീഴിൽ സർവ്വീസ് സെക്ടറിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ